**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 724** **04.03.2020-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സപ്തസ്വര കേന്ദ്രം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | എ) മണ്ഡലം തിരിച്ച് വ്യക്തമാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളല്ല സാംസ്കാരിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്. എന്നാൽ കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പ് മുഖേന 36 വജ്രജൂബിലി കലാകാരന്മാർക്ക് പ്രതി മാസം 10,000/- രൂപ വീതം ഫെലോഷിപ്പ് തുക അനുവദിച്ച് പോരുന്നുണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നവോത്ഥാന നായകൻ സുബ്രമണ്യൻ തിരുമുൻപിന്റെ പേരിൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ ഒരു സാംസ്കാരിക സമുച്ചയം കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ആയതിന് 36,20,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് പി. കുഞ്ഞിരാമൻ നായർ സ്മാരക ട്രസ്റ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് 50,000/- രൂപയും, കാസർഗോഡ് മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന് ഒരു കോടി രൂപയും, തുളു അക്കാദമിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ സംഘടിപ്പിച്ച ആദിവാസി |

| | | | |
|---|---|---|---|
| | | | കലോത്സവത്തിന് 1,58,350/- രൂപയും, നിലേശ്വരം ചിറപ്പുറം ഫെസ്റ്റിന് 8,16,890/- രൂപയും, ലോക കേരള സഭയുടെ 2020 വിളംബര സംഗമ പരിപാടിയ്ക്ക് 1,11,000/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. |
| ബി) | കാസർഗോഡ് സപ്തസ്വരകേന്ദ്രം പണിയുന്നതിന് ഏതെല്ലാം ബജറ്റുകളിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ബഹു. കേരള ഗവർണറുടെ 2012-ലെ നയ-പ്രഖ്യാപന പ്രസംഗത്തിൽ കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ കലയ്ക്കും സംസ്കാരത്തിനും വേണ്ടി ഒരു 'സപ്തസ്വര' കേന്ദ്രം കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ തുടർന്നുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലോ / ധനാഭ്യർത്ഥനയിലോ/ഉപ-ധനാഭ്യർത്ഥനയിലോ ഈ കേന്ദ്രത്തിനായി ധനസഹായം പ്രഖ്യാപിക്കുകയോ / തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. |
| സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും കൂടുതൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | സി-യും, ഡി-യും) | കാസർഗോഡ് ജില്ലയിൽ സപ്തസ്വരകേന്ദ്രം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസൽ സാംസ്കാരിക കാര്യ വകുപ്പിൽ നിലവിലില്ല. |
| ഡി) | ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ